203. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—(a) കൊച്ചി രാജ്യത്തെ വസ്തുക്കളെ സംബന്ധിച്ച് ദിവാൻജി അവർകൾ ഒപ്പിട്ടു കൊടുത്തതായ കാണാധാരത്തിൻകീഴിൽ ഉള്ള വസ്തുക്കൾ പൊളിച്ചെഴുതി കൊടുക്കുന്നതിന്റെ തോതു് എന്താണു്;

(b) കൂടുതൽ മിച്ചവാരം ചുമത്താവുന്നതാണോ;

(c) ടി വക നിലങ്ങളുടെ നികുതി സംഖ്യക്കു് ഫസ്ലി രണ്ടു പറ നെല്ലു വീതം മിച്ചവാരത്തിൽ കൂട്ടിവച്ചു് പൊളിച്ചെഴുതി കൊടുത്തിട്ടുണ്ടോ;

(d) ടി വക ഭൂമികളിൽ നിന്നു് ആകെ എന്തു മിച്ചവാരം പുറവക കൂടി പിരിഞ്ഞുണ്ടാകും. അതിൽ കഴിഞ്ഞ ഫസ്ലി കൊല്ല കാലങ്ങളിൽ വല്ല കൊല്ലത്തിലും കുടിയാന്മാർക്കു് വല്ലതും വിട്ടു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ കൊല്ലത്തിലും എത്ര? ടി വക ഭൂമികളുടെ മിച്ചവാരം നെല്ലിനു പകരം പണമായി പിരിക്കാവുന്നതാണോ; ഉണ്ടെങ്കിൽ കഴിഞ്ഞ ഫസ്ലി കൊല്ലക്കാലങ്ങളിൽ ഓരോ കൊല്ലത്തിലും പറയ്ക്കു എന്തു വീതം പിരിച്ചിട്ടുണ്ടെന്നും ആ കാലങ്ങളിലെ അങ്ങാടി നിലവാരവും കാണിയ്ക്കുന്ന ഒരു വിവരപ്പട്ടിക മേശപ്പുറത്തു വയ്ക്കാമോ?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—(a), (b), (c) & (d) ലാണ്ടു് റവന്യൂ സെറ്റിൽമെണ്ടിനു ശേഷം കൊച്ചി രാജ്യത്തുള്ള സർക്കാർ വസ്തുക്കളെ സംബന്ധിച്ചു് യാതൊരു കാണാധാരവും ദിവാൻജി ഒപ്പിട്ടുകയുണ്ടായിട്ടില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.—അതു് എന്തുകാരണം കൊണ്ടായിരിയ്ക്കും?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ജന്മികൾ പാട്ടം, മിച്ചവാരം എന്നിവ തരിയ്ക്കു തീർത്തില്ല. മാത്രമല്ല; ചിലപ്പോൾ രണ്ടോ മൂന്നോ കക്ഷികളിൽ ജന്മികം അതിനെസംബന്ധിച്ചു് വാദം പുറപ്പെടുവിയ്ക്കുകയുംചെയ്യും. അതാണതിനു കാരണം.

ഉദ്യോഗനിയമനത്തിൽ വിവിധ പ്രജകൾക്കുള്ള പ്രത്യേകാവകാശങ്ങൾ.

204. മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.—ഈ രാജ്യത്തെ ഗവൺമെണ്ടുദ്യോഗനിയമന കാര്യത്തിൽ ഗവൺമെണ്ടിന്റെ നയമെന്താണു്?

രാമവർമ്മതമ്പുരാൻ.—ഈ കാര്യത്തിൽ ഗവൺമെണ്ടിനു പൊതുവേയുള്ള നയം സ്റ്റാൻഡിംഗ് ആർഡർ പേ-ാം അദ്ധ്യായം ൻ മുതൽ ഫന്നു വരേയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുണ്ടു്.

205. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ടി കാര്യത്തിൽ അപ്രതിനിധീകൃത സമുദായങ്ങൾക്കു് വല്ല പ്രത്യേകതയും

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടു കാണിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സമുദായങ്ങളെ ഗവമ്മെണ്ടു പ്രതേകമായ ഗണിച്ചുവരുന്നുണ്ടു്

രാമവമ്മതമ്പുരാൻ.—അപ്രതിനിധീകൃതമാണെന്നു തോന്നുന്ന എല്ലാ സമുദായങ്ങളോടും ടികായ്ത്തിൽ ഗവമ്മെണ്ടു് പ്രതേകത കാണിക്കാറുണ്ടു്. അങ്ങിനെയുള്ള സമുദായങ്ങൾ ഇന്നിന്നവയാണെന്നു കാണിക്കുവാൻ ലിസ്റ്റു വച്ചിട്ടില്ല.

206. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—നമ്പൂതിരി സമുദായം ഗവമ്മെണ്ടുദ്യോഗങ്ങളിൽ പ്രാതിനിധ്യമില്ലാത്ത ഒരു സമുദായമാണെന്നു് ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—ഗവമ്മെണ്ടുദ്യോഗങ്ങളിൽ നമ്പൂതിരി സമുദായത്തിൽപെട്ടവരും ഉണ്ടു്.

207. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ഒരു രാജ്യത്തെ ഗവമ്മെണ്ടുദ്യോഗങ്ങളിൽ ആ രാജ്യത്തുള്ള വിവിധ സമുദായങ്ങൾക്കും വല്ല പ്രതേക സൌകര്യങ്ങളും ചെയ്തുകൊടുക്കുന്നതായാൽ അതുകൊണ്ടുള്ള ഗുണദോഷങ്ങൾ എന്തെല്ലാമാണു്?

രാമവമ്മതമ്പുരാൻ.—ആ സമുദായത്തിൽ പെട്ടവർക്കു് അതുകാരണം കുറെ അധികം ഉദ്യോഗങ്ങൾ കിട്ടുവാൻ വഴിയുണ്ടു്; എന്നുള്ളതു തന്നെ.

നിയമനിർമ്മാണ സഭയിലേക്കുള്ള സമ്മതിദാനാവകാശത്തിന്റെ അടിസ്ഥാനം.

208. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ഈ രാജ്യത്തിൽ നിയമനിർമ്മാണസഭയിലേക്കുള്ള സമ്മതിദാനാവകാശം നികുതിയെ അടിസ്ഥാനമാക്കുവാൻ കാരണമെന്താണു്?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—നിയമസഭയുള്ള രാജ്യങ്ങളിലെല്ലാം സമ്മതിദാനാവകാശത്തിനുള്ള പ്രധാന യോഗ്യതകളിൽ ഒന്നു് നികുതിയായിരിക്കുന്നതിനാൽ.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇവിടെ "നിയമസഭ ഉള്ള രാജ്യങ്ങളിലെല്ലാം സമ്മതിദാനാവകാശത്തിനുള്ള പ്രധാന യോഗ്യതകളിൽ ഒന്നു് നികുതിയായിരിക്കുന്നതിനാൽ" എന്നു മറുപടി പറഞ്ഞിരിയ്ക്കുന്നു. എല്ലാ രാജ്യത്തും അങ്ങിനെയാണോ?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—എന്റെ അറിവിൽപെട്ടിടത്തോളം ഉള്ള കേസുകളിലെല്ലാം അങ്ങിനെതന്നെയാണു്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇംഗ്ലണ്ടിലോ?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഇംഗ്ലണ്ടിനെസംബന്ധിച്ചു് എങ്ങിനെയാണെന്നു നിശ്ചയമില്ല. ഇൻഡ്യാ

LIBRARY ARCHIVES Kerala Legislative Assembly